# കോവിഡ് കാല പ്രവർത്തന റിപ്പോർട്ട്

## മഴുവന്നൂർ ഗ്രാമ പഞ്ചായത്ത്

## തളരാതെ താങ്ങായി....... ഒരു അതിജീവനത്തിന്റെ കഥ

### ആമുഖം

സമതലങ്ങളും കുന്നിന്പുറങ്ങളും ചെരുവുകളും വീട്ടൂരിലെ സംരക്ഷിത വനപ്രദേശങ്ങളും ഉൾപ്പെടുന്ന മനോഹരമായ നാടാണ് മഴുവന്നൂർ. ഫലഭൂയിഷ്ഠമായ ഈ പ്രദേശത്തു നെല്ല്, വിവിധയിനം പച്ചക്കറികൾ , റബ്ബർ ,തെങ്ങു, ജാതി, കമുക്, കപ്പ, പൈനാപ്പിൾ, കൊക്കോ തുടങ്ങിയവ കൃഷി ചെയ്തു വരുന്നു . ജനസംഖ്യയുടെ ഭൂരിഭാഗവും ഉപജീവനത്തിനായി കൃഷിയെയാണ് ആശ്രയിക്കുന്നത്. ഇവിടെ വ്യാവസായിക വളർച്ച തീരെ കുറവാണെങ്കിലും സർക്കാർ തലത്തിൽ പ്രവർത്തിച്ചു വരുന്ന ഐരാപുരം റബ്ബർ പാർക്കും, കിൻഫ്ര നെല്ലാടും ഈ നാടിൻറെ വളർച്ചക്ക് ആക്കം കൂട്ടുന്നു .

സ്ത്രീശാക്തീകരണ പ്രവർത്തനങ്ങൾക്ക് ആക്കം കൂട്ടുന്നതിനുവേണ്ടി വനിതാ ഘടക പദ്ധതികളി ൽ പെടുത്തി സ്ത്രീ ജനങ്ങൾക്ക് സ്വന്തം കാലിൽ ആത്മാഭിമാനത്തോടെ നിൽക്കുന്നതിനാവശ്യമായ പല പദ്ധതികളും പഞ്ചായത്ത് ആവിഷ്കരിച്ചു നടപ്പിലാക്കുന്നുണ്ട്. സ്ത്രീ ശാക്തീകരണത്തെക്കുറിച്ചു പറയുമ്പോൾ മഴുവന്നൂർ കുടുംബശ്രീ സി ഡി എസി നെക്കുറിച്ചും പ്രവർത്തനങ്ങളെക്കുറിച്ചും മുഖ്യമായും വിശദീകരിക്കാതെ വയ്യ .

മഴുവന്നൂരിൽ കുടുംബശ്രീ സംവിധാനം ആരംഭിക്കുന്നത് 2002 ൽ ആണ് . അന്ന്110 സ്വയം സഹായ സംഘങ്ങൾ ആണ് ഉണ്ടായിരുന്നത്. എന്നാൽ ഇന്ന് അത് വളർന്നു പന്തലിച്ചു 19 എ ഡി എസ് ഉം 284 കുടുംബശ്രീ യൂണിറ്റുകളും ആണ് ഉള്ളത്. ഇന്ന് 3628 അംഗങ്ങളാണ് കുടുംബശ്രീയിൽ മഴുവന്നൂർ പഞ്ചായത്തിൽ പ്രവർത്തിച്ചു വരുന്നത് . കഴിഞ്ഞ രണ്ടു പ്രളയകാലത്തും, ഇപ്പോഴുള്ള മഹാമാരി യിലും മഴുവന്നൂരിൽ കുടുംബശ്രീയുടെ പ്രവർത്തനങ്ങൾ ആർജവത്തോടെ ചെയ്യുവാനും പ്രവർത്തകരെ ഏകോപിക്കാനും ചെയർപേഴ്സൺ ആയ ശ്രീമതി ശശികല ഷാജി മുന്നിൽ

തന്നെയുണ്ട്. സി ഡി എസിന്റെ എല്ലാ പ്രവർത്തനങ്ങളും ഏകോപ്പിക്കുവാനും കൃത്യതയും വ്യക്തതയും ഊട്ടി ഉറപ്പിക്കുവാനും ശ്രീമതി ശ്രീജ അക്കൗണ്ടന്റായി ഒപ്പമുണ്ട്. ഇവിടെ 38 ബാലസഭകൾ ഉണ്ട്. അതിൽ ഒന്ന് ബഡ്സ് സ്കൂളിൽ ഉള്ള സ്പെഷ്യൽ ബാലസഭയാണ്. സ്കൂളിൽ ആകെ മൊത്തം 36 കുട്ടികൾ പഠിക്കുന്നു. അവർക്ക് കൈത്തൊഴിൽ പരിശീലനവും, മാനസിക  ഉല്ലാസത്തിനു അഗ്രോ തെറാപ്പിയും ഉണ്ട്.

ഇതിനെല്ലാം കുടുംബശ്രീ സി ഡി എസ്  മേൽനോട്ടം വഹിക്കുന്നു എന്ന് എടുത്തു പറയാതെ വയ്യ. ഇവിടെ 260 JLG കളും 260 ME കളും ഉണ്ട്. 204 ആശ്രയ കുടുംബങ്ങളാണ് മഴുവന്നൂർ പഞ്ചായത്തിൽ ഉള്ളത്. ഇവർക്കുള്ള ഭക്ഷണക്കിറ്റുകളും മരുന്നു സേവനങ്ങളും കൗൺസിലിംഗും കുടുംബശ്രീ വഴിയായി നൽകുന്നു. ഒപ്പം പദ്ധതിയിൽ ഉൾപ്പെടുത്തി 2 വീടുകളുടെ അറ്റകുറ്റ പണികൾ അയൽക്കൂട്ട അംഗങ്ങളുടെ ശ്രമഫലമായി സി ഡി എസ് ഇടപെട്ടു ചെയ്തു നൽകി. സ്നേഹിത കോളിംഗ് ബെൽ ഗുണഭോക്താക്കൾക്ക് ഓണക്കോടി, കിറ്റ് നൽകൽ മുതലായവയും ചെയ്തു നൽകി.  കഴിഞ്ഞ പ്രളയകാലത്ത് മഴുവന്നൂരിൽ 9 വാർഡുകളിൽ വെള്ളം കയറി. ബാലസഭ കുട്ടികളും കുടുംബശ്രീ അംഗങ്ങളും ചേർന്ന് ശുചീകരണ പ്രവർത്തനങ്ങൾ ചെയ്തു. അന്ന് ഭക്ഷണം നൽകുവാനും ദുരിതാശ്വാസ ക്യാമ്പുകളിൽ എല്ലാ പ്രവർത്തനങ്ങൾക്കും ഇവർ മുന്നിൽ തന്നെ ഉണ്ടായിരുന്നു . പ്രളയത്തിൽ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് 270000 രൂപ പിരിച്ചു നൽകുവാനും ഈ സി.ഡി.എസിന് കഴിഞ്ഞു. ക്രിട്ടിക്കൽ ഇൽ നെസ്സ് ഉള്ള കുടുംബശ്രീ കുടുംബാംഗത്തിനോ അവരുടെ കുടുംബാംഗങ്ങൾക്കോ 5000 രൂപ സ്നേഹനിധി ഫണ്ടായി നൽകുന്നു. അനാഥാലയങ്ങളിലേക്ക് വസ്ത്ര വിതരണവും ഇവർ നൽകുന്നു.

**കോവിഡ് കാലയളവിലെ മഴുവന്നൂർ സിഡി എസിന്റെ പ്രവർത്തനങ്ങൾ**

**വാട്സാപ്പ് ഗ്രൂപ്പുകൾ**

ഇവിടെ വാട്സാപ്പ് ഗ്രൂപ്പുകൾ വഴി കുടുംബശ്രീ പ്രവർത്തനം കുറച്ച് കൂടി മെച്ചപ്പെടുത്തുവാനായി. CDS അംഗങ്ങളുടെ 5 ഉം ADS അംഗങ്ങളുടെ 19 ഗ്രൂപ്പും നിലവിൽ ഉണ്ട്. കോവിഡ് കാലയളവിൽ പുതുതായി 125അയൽക്കൂട്ട വാട്സ്ആപ്പ് ഗ്രൂപ്പുകളും രൂപീകരിച്ചു.

**അഗതി രഹിത കേരളം**



വയോജനങ്ങളെ വിളിച്ച് വിവരങ്ങൾ തിരക്കുക, ആശ്രയ കുടുംബാംഗങ്ങളുടെ ആവശ്യങ്ങൾ അന്വേഷിച്ച് ഭക്ഷണം,മരുന്ന് തുടങ്ങിയ സേവനങ്ങൾ എത്തിക്കുക 60 വയസിന് മുകളിൽ പ്രായമുള്ള 174 ആളുകളെ 4 ഘട്ടമായി വിളിച്ച് വിവരങ്ങൾ ശേഖരിക്കുക തുടങ്ങിയ കാര്യങ്ങൾ സി ഡി എസ് മുൻകൈയെടുത്തു ചെയ്തു.

## സമൂഹ അടുക്കള



സമൂഹ അടുക്കളയിൽ പഞ്ചായത്തിനു വേണ്ടി  കുടുംബശ്രീ അംഗങ്ങൾ ഭക്ഷണം ഉണ്ടാക്കുവാൻ വേണ്ട സഹായങ്ങൾ ചെയ്തു. സമൂഹ അടുക്കളയിലേക്ക് ഉള്ള പച്ചക്കറികൾ കുടുംബശ്രീ JLG കളിൽ നിന്നാണ് നൽകിയത്. മാർച്ച് 27 ന് ആരംഭിച്ച കിച്ചൺ മെയ് 3  വരെ പ്രവർത്തിച്ചു. ആദ്യ ദിവസങ്ങളിൽ ശരാശരി 360 ഊണ് നൽകിയിരുന്നു. പിന്നീട് അന്യ സംസ്ഥാന തൊഴിലാളികൾക്കുൾപ്പെടെ ശരാശരി 150 ഊണ്  ദിനം പ്രതി നൽകിയിരുന്നു. സപ്ലൈക്കോയിൽ പാക്കിംഗിന് ഏകദേശം എല്ലാ അയൽക്കൂട്ടങ്ങളിൽ നിന്നും ആളുകൾ പങ്കെടുത്തു.

# കോവിഡിനെ ചെറുക്കാൻ മാസ്ക്



മാസ്ക് - 15 അയൽക്കൂട്ട അംഗങ്ങൾ മാസ്ക് തയ്യാറാക്കുന്ന പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിട്ടുണ്ട്. മഴുവന്നൂരും , സമീപ ദേശങ്ങളിലെ ആശുപത്രികളിലേക്കും മാസ്ക് നൽകുന്നു.

**ഓൺലൈൻ പരിപാടികൾ**

ബാലസഭ കുട്ടികൾക്ക് ഈ കാലയളവിൽ പല വിധത്തിലുള്ള മത്സരങ്ങളും അവരുടെ കഴിവുകൾ പ്രദർശിപ്പിക്കാനായി ഓൺലൈൻ പരിപാടികളും സംഘടിപിച്ചു. സാമൂഹിക അകലം പാലിച്ചു കൊണ്ടുള്ള ഷോട്ട് ഫിലിം മത്സരവും നടത്തി.കുടുംബശ്രീ അംഗങ്ങൾക്ക് മാനസിക പിരിമുറക്കങ്ങൾ ഒഴിവാക്കാൻ പല വിധ പരിപാടികൾ നടത്തി. ബഡ്സ് സ്കൂൾ കുട്ടികൾക്കായി കലാ മത്സരങ്ങൾ സംഘടിപ്പിച്ചു. JLG ക്കായി ഒരു ചലഞ്ച് സംഘടിപ്പിച്ചു.

**ആരോഗ്യ ജാഗ്രതാ പ്രവർത്തനങ്ങൾ**

ഓരോ വീടുകളിലും ബോധവത്ക്കരണവും, ഹോമിയോ മരുന്നു വിതരണവും അയൽക്കൂട്ട  അംഗങ്ങൾ ഇടപ്പെട്ടു പഞ്ചായത്തിനു വേണ്ടി ചെയ്തു.

**കോവിഡ് ലോൺ**

1346000 രൂപക്ക് കോവിസ് ലോണിന് ആപ്ലിക്കേഷനുകൾ ലഭിച്ചു. ലോൺ തുകകൾ  അംഗങ്ങൾക്ക് കൊടുത്തുവരുന്നു.

**സൈബർ ജാലകം വഴി കുടുംബശ്രീ അംഗങ്ങൾ**

കോവിഡ് കാലയളവിൽ ഒരുമിച്ചു ചേർന്ന് അയൽക്കൂട്ട യോഗങ്ങൾ കൂടുവാൻ കഴിയാത്ത സാഹചര്യത്തിൽ ജില്ലാമിഷന്റെ നേതൃത്വത്തിലുള്ള സൈബർ ജാലകം പരിപാടികളിൽ പരമാവധി അയൽക്കൂട്ട അംഗങ്ങളെ പങ്കെടുപ്പിക്കുവാൻ സി ഡി എസ്സിന് കഴിഞ്ഞു.

**സി ഡി എസ്സിന്റെ മാതൃകാപരമായ**  പ്രവർത്തനങ്ങളായി എടുത്തുപറയാവുന്ന  ഒന്നാണ്  ക്യാൻസർ രോഗിയായ അമ്മിണി എന്ന സ്ത്രീക്ക് ലോക്ക് ഡൗണിൽ കുടുംബശ്രീയുടെ ഇടപെടൽ കൊണ്ട് മരുന്നുകൾ എത്തിച്ചു കൊടുക്കുവാൻ കഴിഞ്ഞത്.

**തുടർ  പ്രവർത്തനങ്ങൾ**

മഴുവന്നൂർ പഞ്ചായത്തിലുള്ള CET കോളേജ് ഇൻസ്റ്റിറ്റ്യൂഷൻ ക്വാറന്റൈൻ  ആക്കി എടുത്തിട്ടുണ്ട്. ഭാവിയിൽ അവിടെ ആവശ്യമായ

എല്ലാ കാര്യങ്ങൾക്കും കുടുംബശ്രീ കൈ താങ്ങായി ഉണ്ടാകും എന്നത് പ്രത്യേകം പറയേണ്ടതില്ല.


തയ്യാറാക്കിയത്,

ആശ വർഗീസ്

9747637982

ബ്ലോക്ക് കോഓർഡിനേറ്റർ

കുടുംബശ്രീ ,എറണാകുളം

മഴുവന്നൂർ സി ഡി എസ് ചെയർപേഴ്സൺ

ശശികല

9656880195